1. ഇ.ബി. XIII-കേരള നിയമസഭ/XI-23

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂലൈ 11, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തരപ്രമേയം

### ഇന്ധന-രാസവള സബ്സിഡി പുന:പരിശോധന

മി. സ്പീക്കർ: കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവിലയേക്കാൾ കൂടിയ വിലയ്ക്ക് സംസ്ഥാനങ്ങൾ ധാന്യങ്ങൾ സംഭരിക്കരുതെന്ന നയമാറ്റവും ഇന്ധന-രാസവള സബ്സിഡി പുന:പരിശോധിക്കുമെന്ന 10.7.2014-ലെ കേന്ദ്രബജറ്റ് പ്രഖ്യാപനവും സംസ്ഥാനത്തെ കൃഷിക്കാർക്ക് തിരിച്ചടിയായിരിക്കുന്നതായും ഉല്പാദന

ചെലവ് നാൾക്കുനാൾ വർദ്ധിക്കുന്നതുമൂലം സംസ്ഥാനം നൽകിവരുന്ന തറവില ബോണസ് ഇല്ലാതാകുന്നതിനാലും കൃഷിക്കാർ ഉത്കണ്ഠാകുലരായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. കെ. ശശീന്ദ്രൻ, കെ. കെ. നാരായണൻ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന താങ്ങുവിലയേക്കാൾ കൂടിയ വിലയ്ക്ക് സംസ്ഥാനങ്ങൾ ധാന്യങ്ങൾ സംഭരിക്കാൻ പാടില്ലെന്ന് കേന്ദ്രസർക്കാർ തീരുമാനമെടുക്കുകയോ ബജറ്റിൽ പ്രഖ്യാപിക്കുകയോ ചെയ്തിട്ടില്ല. കേന്ദ്രസർക്കാർ ഏജൻസിയായ കമ്മീഷൻ ഓഫ് അഗ്രികൾച്ചറൽ കോസ്റ്റ്സ് ആന്റ് പ്രൈസസ് നിശ്ചയിച്ച താങ്ങുവിലയായ 13.10 രൂപ കൊടുത്തുകൊണ്ട് നെല്ല് സംഭരിക്കാൻ കഴിയാത്തതിനാലാണ് 5.90 രൂപ സബ്സിഡികൂടി കൊടുത്തുകൊണ്ട് സംസ്ഥാന ഗവൺമെന്റ് 19 രൂപയ്ക്ക് നെല്ല് സംഭരിക്കുന്നത്. ഏകപക്ഷീയമായ തീരുമാനം സംഭരണത്തിന്റെ പേരിൽ സംസ്ഥാനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ കേന്ദ്രസർക്കാരിന് അവകാശമില്ല.

ഇന്ധന-രാസവളങ്ങളുടെ സബ്സിഡികൾ പുന:പരിശോധിക്കേണ്ടി വരുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നതല്ലാതെ പ്രസ്തുത സബ്സിഡി തുക വർദ്ധപ്പിക്കുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്യുന്നത് സംബന്ധിച്ച് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ തീരുമാനം പ്രതീക്ഷിച്ചിരിക്കുകയാണ്. കർഷകരുടെ താല്പര്യം സംരക്ഷിക്കാൻ ഒറ്റക്കെട്ടായി നിൽക്കണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: കേന്ദ്രസർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവിലയേക്കാൾ കൂടിയ വിലയ്ക്ക് സംസ്ഥാനങ്ങൾ ധാന്യങ്ങൾ സംഭരിക്കരുതെന്ന നയം നടപ്പിലായാൽ കേരളത്തിലെ നെൽ കൃഷിക്കാരുടെ സ്ഥിതി പരിതാപകരമായിത്തീരും. വികേന്ദ്രീകൃത ധാന്യ സംഭരണം ഇല്ലാത്ത സംസ്ഥാനങ്ങളിൽ താങ്ങുവിലയ്ക്ക് പുറമെ ബോണസ്സ് അനുവദിച്ചാൽ സംഭരണത്തിൽ എഫ്.സി.ഐ. പങ്കെടുക്കില്ലെന്നും ധാന്യങ്ങൾ സംഭരിക്കാനും സൂക്ഷിക്കാനുമുള്ള നടപടികൾ സംസ്ഥാന സർക്കാർതന്നെ ഉറപ്പാക്കേണ്ടിവരുമെന്ന നിർദ്ദേശം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്നും കത്ത് വന്നിട്ടുള്ളതു കൂടാതെ ഇക്കാര്യം കേന്ദ്രസർക്കാർ വിളിച്ചുകൂട്ടിയ സംസ്ഥാന ഭക്ഷ്യമന്ത്രിമാരുടെ യോഗത്തിലും ചർച്ച ചെയ്തിട്ടുണ്ട് .

കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായമില്ലാതെ സംഭരണ കാര്യത്തിൽ മുന്നോട്ടുപോകാൻ കഴിയില്ലെന്നിരിക്കെ കേന്ദ്രഗവൺമെന്റ് സബ്സിഡി നൽകാതിരുന്നാൽ മുഴുവൻ സബ്സിഡിയും സംസ്ഥാന ഗവൺമെന്റ് നൽകേണ്ടതായി വരും. സംഭരിച്ച നെല്ലിന് വിലകൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റിനുമേൽ അധിക സാമ്പത്തികഭാരം അടിച്ചേൽപ്പിക്കുകയാണ് ചെയ്യുന്നത്. കേന്ദ്രഗവൺമെന്റിന്റെ പുതിയ നിർദ്ദേശംമൂലം സംസ്ഥാനത്തെ കർഷകർ ഉത്കണ്ഠാകുലരായിരിക്കുകയാണ്. അത്യന്തം ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>): വിലക്കയറ്റം നിയന്ത്രിക്കുവാനുള്ള വിഷയങ്ങൾ ചർച്ച ചെയ്യാനായി കേന്ദ്രസർക്കാർ വിളിച്ചു ചേർത്ത സംസ്ഥാന ഭക്ഷ്യ മന്ത്രിമാരുടെ യോഗത്തിൽ നെല്ലിന് കേന്ദ്രസർക്കാർ നൽകുന്ന താങ്ങുവിലയേക്കാൾ കൂടുതലായി സംസ്ഥാനങ്ങൾ കൊടുക്കുകയാണെങ്കിൽ അരിയുടെ വിപണി വില വർദ്ധിക്കാനിടയാകുമെന്ന പരാമർശം വന്നപ്പോൾ കേരളത്തിലെ കർഷകരുടെ താല്പര്യംകൊണ്ടാണ് ഇത്തരത്തിൽ നിലപാടെടുക്കാൻ നിർബന്ധിതമായതെന്നും

കർഷകർക്ക് ന്യായവില ലഭിക്കേണ്ട സാഹചര്യമുള്ളതുകൊണ്ടാണ് കൂടുതൽ സബ്സിഡി കൊടുത്തുകൊണ്ട് നെല്ല് സംഭരിച്ചതെന്നും പ്രസ്തുത നിലപാടിൽനിന്നും സംസ്ഥാന ഗവൺമെന്റിന് പിന്നോട്ടുപോകാൻ കഴിയില്ലെന്നും അറിയിച്ചിട്ടുണ്ട്. പുതിയ നയമാറ്റം സംബന്ധിച്ച് കേന്ദ്രസർക്കാരിൽനിന്നും കത്ത് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേന്ദ്രസർക്കാർ നൽകുന്നതിനേക്കാൾ കൂടുതൽ സബ്സിഡി കൊടുത്തുകൊണ്ട് സംസ്ഥാനങ്ങൾക്കാവശ്യമുള്ളതിനേക്കാൾ കൂടുതൽ ധാന്യങ്ങൾ സംഭരിച്ചാൽ മാർക്കറ്റിലുണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ചാണ് കേന്ദ്രത്തിൽ നിന്നുള്ള കത്തിലുള്ളത്. പക്ഷേ കൂടുതൽ സബ്സിഡി നൽകിയിട്ടും കേരളത്തിനാവശ്യമായ നെല്ല് സംഭരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കേന്ദ്ര ഗവൺമെന്റ് സംഭരണവില താഴ്ത്തി നിശ്ചയിക്കുകയും സംസ്ഥാനങ്ങൾ കർഷകർക്ക് സബ്സിഡി നൽകരുതെന്ന് നിർദ്ദേശിക്കുകയും ചെയ്താൽ അത് അംഗീകരിക്കാൻ കേരളം തയ്യാറാവില്ല. നെല്ലിന്റെയും നാളികേരത്തിന്റെയും കാര്യത്തിൽ കർഷകർക്ക് ന്യായവില ഉറപ്പ് വരുത്തുകയും കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യും. രാസവള സബ്സിഡി കുറയ്ക്കരുതെന്നുതന്നെയാണ് സർക്കാർ സമീപനം. സംഭരിച്ച നെല്ലിന്റെ കുടിശ്ശിക

കൊടുത്തു തീർത്തിട്ടുണ്ട്. നെൽകൃഷി ആദായകരമായി നടത്തുന്നതിന് ആവശ്യമായ തുക സംസ്ഥാന ഗവൺമെന്റ് സബ്സിഡി ആയി നൽകും.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): നെല്ല് സംഭരണത്തിന് ആവശ്യമായ തുക അനുവദിക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറായില്ലെങ്കിൽ നെൽകൃഷി ആദായകരമായി നടത്തുന്നതിനാവശ്യമായ തുക സംസ്ഥാന ഗവൺമെന്റ് സബ്സിഡി ആയി നൽകുമെന്ന മുഖ്യമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ വാക്കൗട്ട് ചെയ്യുന്നില്ല.

## ശ്രദ്ധക്ഷണിക്കൽ

### (1) പാചക വാതക ക്ഷാമം

ശ്രീ. കെ. എൻ. എ. ഖാദർ: വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചേളാരിയിൽ സ്ഥിതി ചെയ്യുന്ന ഐ.ഒ.സി. ബോട്ടിലിംഗ് പ്ലാന്റിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന തൊഴിൽ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനും പാചക വാതക ക്ഷാമം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. കേരളത്തിൽ പ്രവർത്തിക്കുന്ന ഐ.ഒ.സി. ഉൾപ്പെടെയുള്ള കമ്പനികൾ നടത്തിവരുന്ന പാചക വാതക ബോട്ടിലിംഗ് പ്ലാന്റിലെ മുഴുവൻ തൊഴിലാളികൾക്കും സേവന-വേതന വ്യവസ്ഥ നടപ്പിൽവരുത്തുന്നതോടൊപ്പം മേലിൽ മാസ്റ്റർ എംപ്ലോയർ എന്ന

നിലയിൽ ഐ.ഒ.സി. ഉൾപ്പെടെയുള്ള കമ്പനികൾ അവരുടെ ഉത്തരവാദിത്വം നിറവേറ്റുന്നുമുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. സിലിണ്ടർ ഉത്പാദനത്തിൽ വീഴ്ച വരുത്തുന്ന കോൺട്രാക്ടർമാരെ ഒഴിവാക്കി പുതിയ കരാർ നൽകാനുള്ള സ്വാതന്ത്ര്യം കമ്പനിക്കുണ്ടാകണം. മെച്ചപ്പെട്ട ഉപഭോക്തൃ സേവനം ഉറപ്പുവരുത്തുന്നതിന് പാചകവാതക ഉത്പാദനവും വിതരണവും കാര്യക്ഷമമാക്കണം. സംസ്ഥാനത്തെ എല്ലാ ബോട്ടിലിംഗ് പ്ലാന്റുകളിലെയും വിവിധ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി( ശ്രീ. അനൂപ് ജേക്കബ്) : ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ചേളാരി ബോട്ടിലിംഗ് പ്ലാന്റിൽനിന്നാണ് വടക്കൻ ജില്ലകളിലേയ്ക്കുള്ള പാചക വാതകം എത്തിക്കുന്നത്. പ്ലാന്റിൽ വിവിധ വിഭാഗം തൊഴിലാളികൾ വേതന വർദ്ധനവ് ആവശ്യപ്പെട്ട് അടിക്കടി നടത്തുന്ന സമരങ്ങൾമൂലം പാചകവാതക സിലിണ്ടർ വിതരണം സ്തംഭിക്കുന്ന സാഹചര്യങ്ങളിൽ പ്രശ്നത്തിലിടപെട്ട് സമരം ഒത്തുതീർപ്പാക്കാനും അവശ്യസാധന നിയമം നടപ്പിലാക്കാനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകാറുണ്ട്. നിരന്തര ചർച്ചകളുടെയും ഒത്തുതീർപ്പ് സമവാക്യങ്ങളുടെയും ഫലമായി സമരം പിൻവലിച്ചുവെങ്കിലും ശാശ്വത പരിഹാരമായിട്ടില്ല. ഓയിൽ

കമ്പനി കോ-ഓർഡിനേറ്റർമാരുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും പാചകവാതക വിതരണം ഉറപ്പുവരുത്തുവാനും വീഴ്ചവരുത്തുന്ന ഡീലേഴ്സിനെതിരെ ഡിസിപ്ലിനറി ഗൈഡ്ലൈൻ പ്രകാരം നടപടിയെടുക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനം അവശ്യ സർവ്വീസായി പ്രഖ്യാപിക്കുന്ന കാര്യം പരിഗണനയിലാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ( ശ്രീ. ഷിബു ബേബി ജോൺ): തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സെൻട്രൽ ലേബറിന്റെ കീഴിലായതുകൊണ്ട് നിയമപരമായി ഇടപെടാൻ കഴിയില്ലെങ്കിലും പരിമിതികളുള്ളിൽനിന്നുകൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.

## (2) വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. രാജു: വനാതിർത്തിയിൽ താമസിക്കുന്നവർക്ക് വന്യമൃഗങ്ങളുടെ ആക്രമണംമൂലം ജീവഹാനിയും കൃഷിനാശവും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. വന്യമൃഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവും കാട്ടിൽ ആവശ്യമായ ഭക്ഷണവും ജലവും കിട്ടാത്തതും വന്യജീവികളെ ആകർഷിക്കുന്ന രീതിയിലുള്ള നെല്ല്, വാഴ, തെങ്ങ് തുടങ്ങിയവ വനാതിർത്തിയോട് ചേർന്ന് കൃഷി ചെയ്യുന്നതുംമൂലം വന്യമൃഗങ്ങൾ കൂട്ടത്തോടെ ഇറങ്ങി കൃഷി നശിപ്പിക്കുകയും വളർത്തുമൃഗങ്ങളെയും അവിടത്തെ ജനങ്ങളെയും ആക്രമിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ

ആക്രമണത്തിന് വിധേയരായി മരിക്കുന്നവർക്കും പരിക്കേൽക്കുന്നവർക്കും കൃഷി നാശം സംഭവിക്കുന്നവർക്കും നൽകുന്ന നഷ്ടപരിഹാരം പരിമിതമായതിനാൽ തുക വർദ്ധിപ്പിക്കുന്നതിനും വന്യമൃഗങ്ങൾ ഇറങ്ങാതിരിക്കാൻ കിടങ്ങുകൾ നിർമ്മിക്കുന്നതിനും സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വനമേഖലയ്ക്ക് സമീപം താമസിക്കുന്ന കർഷകരെ വന്യജീവികളുടെ ആക്രമണത്തിൽനിന്ന് രക്ഷിക്കുന്നതിനായി പതിനാലിന കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുകയും പരിക്ക്, കൃഷിനാശം തുടങ്ങിയവ സംഭവിക്കുന്നവർക്ക് ഒറ്റത്തവണ നൽകുന്ന നഷ്ടപരിഹാരം 75,000 രൂപയായി ഉയർത്തുകയും ചെയ്തു. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്ന ആദിവാസി ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാ ചെലവ് ഗവൺമെന്റാണ് വഹിക്കുന്നത്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ കുരങ്ങുകളുടെ ആക്രമണം ഒഴിവാക്കുന്നതിനായി അവയുടെ വംശവർദ്ധനവ് തടയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. വനമേഖലകളിൽ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി

കിടങ്ങുകൾ കുഴിക്കുന്നതുസംബന്ധിച്ച് ഗ്രാമവികസന വകുപ്പുമന്ത്രിയുമായി ആലോചിക്കുന്നതാണ്.

## സബ്മിഷൻ

### (1) അനധികൃത ഫ്ലാറ്റ് നിർമ്മാണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിലെ പാറ്റൂരിൽ അനധികൃതമായി നടക്കുന്ന ഫ്ലാറ്റ് നിർമ്മാണം നിർത്തിവച്ച് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): വഞ്ചിയൂർ വില്ലേജിലെ പാറ്റൂരിൽ ആർടെക് ഗ്രൂപ്പിന്റെ കൈവശം 1805 എ, 1806 എ. എന്നീ സർവ്വേ നമ്പറുകളിൽ 3.51 ആർ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിലുള്ള നാലംഗ സമിതിയെ ചുമതലപ്പെടുത്തുകയും അവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു. പുറമ്പോക്കുഭൂമി അളന്ന് തിട്ടപ്പെടുത്തി തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നിർമ്മാണപ്രവർത്തനങ്ങൾ നിറുത്തിവയ്പിക്കേണ്ട ചുമതല നഗരകാര്യ വകുപ്പിനാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

വഞ്ചിയൂർ വില്ലേജിൽ 15 സർവ്വേ നമ്പറുകളിലുൾപ്പെട്ട സ്ഥലത്ത് ആർടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഷോപ്പിംഗ് മാളും അപ്പാർട്ടുമെന്റും നിർമ്മിക്കുന്നതിന് നഗരസഭ അനുമതി നൽകുകയുണ്ടായി. പെർമിറ്റിനായി അവർ നൽകിയ അപേക്ഷയിൽ 16.5 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി കൂടി ഉൾപ്പെടുത്തിയിരുന്നു. വസ്തുവിന്റെ പ്രമാണങ്ങളും മറ്റ് രേഖകളും കൃത്യമായി പരിശോധിക്കുകയോ സ്ഥലപരിശോധന നടത്തുകയോ ചെയ്യാതെയാണ് നഗരസഭ പെർമിറ്റ് നൽകിയത്. പെർമിറ്റ് നിലനിൽക്കുമ്പോൾ തന്നെ കെട്ടിട ഉടമ അത് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും വ്യക്തമായ പരിശോധനകൾ നടത്താതെ പുതുക്കിയ പെർമിറ്റ് അനുവദിക്കുകയും ചെയ്തു. കെട്ടിടത്തിന്റെ സൈറ്റിനെ സംബന്ധിച്ച് ഉയർന്നുവന്ന പരാതികളുടെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിറുത്തിവയ്ക്കുവാനും വസ്തുവിന്റെ അംഗീകൃത സർവ്വേ സ്കെച്ച് ഹാജരാക്കാനും ഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിൽ അപാകതയുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചീഫ് ടൗൺ പ്ലാനറെ (വിജിലൻസ്) ചുമതലപ്പെടുത്തുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ

ഭൂമി വാങ്ങിയ സ്വകാര്യകമ്പനി പുറമ്പോക്ക് ഭൂമി കൈവശം വയ്ക്കുന്നില്ല എന്ന് ഉറപ്പാക്കണമെന്ന് ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ കത്തുമുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച അന്വേഷണം നടത്തിയ ജില്ലാ കളക്ടറുടെയും ജില്ലാ റവന്യൂ ഡിവിഷണൽ ഓഫീസറുടെയും റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിയമാനുസൃതം കൈമാറി ലഭിച്ച അളവിൽക്കൂടുതൽ വസ്തു പ്രസ്തുത കമ്പനി കൈവശം വച്ചിരിക്കുന്നുവെന്നും ഇക്കാര്യം പ്രമാണങ്ങളിൽ വ്യക്തമാണെന്നുമാണ് കണ്ടത്. നിയമാനുസൃതം കൈമാറിക്കിട്ടിയ അളവിൽ കൂടുതലുള്ള 16.635 സെന്റ് സ്ഥലം ജില്ലാ കളക്ടറുടെ ശുപാർശപ്രകാരം സർക്കാർ നിർദ്ദേശത്തെ തുടർന്ന് അളന്നുതിരിച്ച് മാറ്റിയിട്ടുണ്ട്.

## (2) ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമൂലമുണ്ടാകുന്ന ആശങ്ക

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് താലൂക്കിലെ ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽക്കൂടി 'ഗെയിൽ'-ന്റെ ഗ്യാസ് പൈപ്പ് ലൈൻ കടന്നുപോകുന്നതുമായി ബന്ധപ്പെട്ട് പ്രദേശവാസികളിലുണ്ടായിരിക്കുന്ന ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽക്കൂടി ഗ്യാസ് പൈപ്പ് ലൈൻ കൊണ്ടുപോകുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അത്തരം

പ്രദേശങ്ങളെ ഒഴിവാക്കി പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് സംബന്ധിച്ചും പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ ദുരീകരിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതു സംബന്ധിച്ചും ആലോചിക്കുന്നതാണ്.

## (3) സിഗററ്റ്, പുകയില ഉല്പന്നങ്ങളുടെ നികുതി വർദ്ധിപ്പിക്കലും ബോധവൽക്കരണവും

ശ്രീ. പി. സി. വിഷ്ണുനാഥ്: സംസ്ഥാനത്ത് സിഗററ്റ്, പുകയില ഉല്പന്നങ്ങളുടെ നികുതി വർദ്ധിപ്പിച്ച് ഉപഭോഗം കുറയ്ക്കുന്നതിനും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പാൻമസാല നിരോധിക്കുകയും ഉപഭോഗം കുറയ്ക്കുന്നതിനായി അയൽ സംസ്ഥാനങ്ങളിലെ നികുതിയുമായി താരതമ്യം ചെയ്തുകൊണ്ട് സിഗററ്റിന്റെ നികുതി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും ഉയർന്ന നിരക്കിൽ നികുതി ചുമത്തുന്നത് കള്ളക്കടത്തുപോലെയുള്ള അനാരോഗ്യ പ്രവണതകൾക്കും നികുതി നഷ്ടത്തിനും ഇടയാക്കും. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ ഫലപ്രദമായി നടത്തിവരുന്ന ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ സിഗററ്റ്, പുകയില ഉൽപ്പന്നങ്ങൾക്കെതിരെയുള്ള ആശയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

## (4) കെ.എൽ.ഡി. ബോർഡിന്റെ പ്രവർത്തനവും ഹൈടെക് ഫാമും

ശ്രീമതി ഇ. എസ്. ബിജിമോൾ: കോലാഹലമേട് ഹൈടെക് ഡയറി ഫാമിലെ ക്രമക്കേടുകൾ സംബന്ധിച്ചും കെ.എൽ.ഡി. ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ചും അന്വേഷണം നടത്തണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സ്റ്റോർ പർച്ചേസ് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളനുസരിച്ചും ആഗോള ടെണ്ടർ വിളിച്ചുമാണ് കോലാഹലമേട് ഹൈടെക് ഡയറി ഫാമിലേയ്ക്കാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങിയത്. വാഗമണ്ണിൽ നിർമ്മിച്ചിട്ടുള്ള ഹേ സ്റ്റോർ പണിയുമായി ബന്ധപ്പെട്ട കരാറുകാരന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് നിർദ്ദേശിച്ച തുകയാണ് നൽകിയത്. സർക്കാർ ഉത്തരവുപ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് ഫാമിലേയ്ക്ക് പശുക്കളെ വാങ്ങുന്നത്. സംസ്ഥാനത്തെ കന്നുകാലികളുടെ കൃത്രിമ ബീജദാന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത നിലയിലുള്ള നടപടികളാണ് കെ.എൽ.ഡി. ബോർഡ് കൈക്കൊണ്ടിട്ടുള്ളത്. ഗ്രാന്റിന് പുറമേ നിലവിൽ ട്രഷറി അക്കൗണ്ടിലും ബാങ്ക് അക്കൗണ്ടിലുമായി ഏകദേശം 90 കോടി രൂപയുടെ വരുമാനമുള്ള ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെട്ട നിലയിലാണ് മുന്നോട്ടുപോകുന്നത്.

## (5) ലോ-ഫ്ലോർ എ.സി. ബസ് സർവ്വീസുകൾ റദ്ദാക്കൽ

ശ്രീ. വർക്കല കഹാർ: വർക്കല-തിരുവനന്തപുരം റൂട്ടിൽ സർവ്വീസ് നടത്തിവന്നിരുന്ന ജൻറം ലോ-ഫ്ലോർ എ.സി. ബസ് സർവ്വീസുകൾ റദ്ദാക്കിയത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): നിശ്ചിത വരുമാനമുണ്ടായിരുന്നിട്ടും അകാരണമായാണ് സർവ്വീസുകൾ നിർത്തലാക്കിയതെങ്കിൽ പ്രസ്തുത സർവ്വീസുകൾ പുനഃസ്ഥാപിക്കുന്ന കാര്യം ചർച്ചയിലൂടെ പരിഗണിക്കുന്നതാണ്.

## (6) ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ക്ഷീര കർഷകരുടെ വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മിൽമയിലെ അഴിമതികളെ സംബന്ധിച്ച് അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ഉല്പാദനച്ചെലവിലുണ്ടായ വർദ്ധന പരിഗണിച്ച് പാൽവില കൂട്ടുന്ന കാര്യം ആലോചിക്കുന്നുണ്ട്. കാലിത്തീറ്റയ്ക്ക് നൽകുന്ന സബ്സിഡി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ ക്ഷീര കർഷക പെൻഷൻ വർദ്ധിപ്പിക്കുവാൻ

ബുദ്ധിമുട്ടുണ്ട്. ക്ഷീരകൃഷിയെ കൃഷിയായി അംഗീകരിച്ച് ബാങ്കുകളിൽ നിന്നും കാർഷിക വായ്പ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുന്നുണ്ട്. കുളമ്പ് രോഗംമൂലം മരണമടയുന്ന കന്നുകാലികളുടെ ഉടമയ്ക്ക് ക്ഷീരവികസന വകുപ്പിൽനിന്നും 10,000 രൂപ വീതവും മൃഗസംരക്ഷണ വകുപ്പിൽനിന്നും 20,000 രൂപ വീതവും അനുവദിക്കുന്നുണ്ട്. മിൽമയിൽ തട്ടിപ്പ് നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## (7) ഭൂമി പോക്കുവരവ് ചെയ്യൽ

ശ്രീ. ജോസഫ് വാഴക്കൻ: മൂവാറ്റുപുഴ മണ്ഡലത്തിലെ മഞ്ഞള്ളൂർ പഞ്ചായത്തിലെ മണിയന്തടം പട്ടികജാതി കോളനിവാസികളുടെ ഭൂമി പോക്കുവരവ് ചെയ്തുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഭൂമി പോക്കുവരവ് ചെയ്തുകൊടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (8) പൊതുശ്മശാന ഭൂമി കൈമാറ്റം

ശ്രീ. വി. ശശി: ചിറയിൻകീഴ് മണ്ഡലത്തിലെ കിഴുവിലം കുന്തള്ളൂർ വില്ലേജിൽപ്പെട്ട പൊതുശ്മശാന ഭൂമി സീറോ ലാന്റ്ലെസ്സ് പദ്ധതിയിൽപ്പെടുത്തി വിതരണം ചെയ്ത നടപടി റദ്ദാക്കി പൊതുശ്മശാന നിർമ്മാണത്തിന്

വിട്ടുനൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ചിറയിൻകീഴ് താലൂക്കിലെ കിഴുവിലം കുന്തള്ളൂർ വില്ലേജിൽ 978, 979 സർവ്വേ നമ്പറുകളിൽപ്പെട്ട സർക്കാർ ഭൂമി 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിക്കുവേണ്ടി 29 പ്ലോട്ടുകളാക്കി തിരിച്ച് സ്കെച്ചുകൾ തയ്യാറാക്കിയിട്ടുള്ളതാണ്. പ്രസ്തുത ഭൂമി ശ്മശാനഭൂമിയാണെന്ന തടസ്സവാദത്തെത്തുടർന്ന് 04-09-2013-ൽ ചിറയിൻകീഴ് തഹസീൽദാർ സ്ഥലം സന്ദർശിക്കുകയും അന്വേഷണം നടത്തി ശ്മശാനഭൂമിയല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. ചിറയിൻകീഴ്/കിഴുവിലം ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത ഭൂമിയിന്മേൽ അവകാശവാദം ഉന്നയിക്കുന്നുണ്ടെങ്കിലും അത് തെളിയിക്കുന്നതിനുള്ള രേഖകളൊന്നുമില്ല. പരിസരവാസികളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് മേൽപ്പടി ഭൂമിയിൽ സർവ്വേക്കല്ലിടുന്നതിനോ പ്ലോട്ടുകൾ പട്ടയകക്ഷികൾക്ക് കൈമാറുന്നതിനോ കഴിഞ്ഞിട്ടില്ല.

## (9) സദുദ്ദേശ ലേഖനത്തിന് അവാർഡ്

ശ്രീ. പി. ഉബൈദുള്ള: സ്കൂൾ-കോളേജ് മാഗസിനുകളിൽ ഏറ്റവും നല്ല ലഹരി വിരുദ്ധ ബോധവത്കരണ ലേഖനം പ്രസിദ്ധപ്പെടുത്തുന്നവർക്ക് അവാർഡും

പാരിതോഷികവും നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ പ്രവർത്തിക്കുന്ന ലഹരി വിരുദ്ധ ക്ലബ്ബുകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ക്ലബ്ബിനും അംഗത്തിനും എല്ലാ വർഷവും അവാർഡും സാമ്പത്തിക സഹായവും നൽകുന്നുണ്ട്. സംസ്ഥാന സ്കൂൾ മാഗസിനുകളിൽ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ലേഖനത്തിന് അവാർഡും സാമ്പത്തിക സഹായവും നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (10) ഫിഷറീസ് ഹാർബറും ഓലക്കീൽകടവ് പാലവും

ശ്രീ. റ്റി. വി. രാജേഷ്: പുതിയങ്ങാടി ഫിഷറീസ് ഹാർബറും ഓലക്കീൽകടവ് പാലവും നിർമ്മിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പുതിയങ്ങാടി മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് മാതൃകാ/പരിസ്ഥിതി പഠനങ്ങൾ നടത്തേണ്ടതുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 45 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് 23-01-2013-ൽ അനുമതി നൽകുകയും മാതൃകാ

പഠനത്തിനായി കേന്ദ്രസർക്കാർ സ്ഥാപനമായ സി.ഡബ്ല്യ.പി.ആർ.എസ്.-നെ ചുമതലപ്പെടുത്തുകയും 4.27 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. അന്വേഷണ-ഗവേഷണങ്ങൾക്കുള്ള 65 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് 26-10-2013-ൽ അനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഓലക്കീൽകടവ് പാലം പണിയുന്നതിനുള്ള പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപ ചെലവ് വരുന്ന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ആർ.ഐ.ഡി.എഫ്-XX-ൽപ്പെടുത്തി പാലം പണിയുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയുമാണ്.

## (11) <u>ശുദ്ധജല വിതരണ പദ്ധതികൾ</u>

<u>ശ്രീ. രാജു എബ്രഹാം</u>: അങ്ങാടി-പെരുമ്പെട്ടി, കൊല്ലമുള, നിലയ്ക്കൽ, ചെറുകോൽ ശുദ്ധജല വിതരണ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): അങ്ങാടി-പെരുമ്പെട്ടി

വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതിക്ക് 29.5 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. എരുമേലി ശുദ്ധജല വിതരണ പദ്ധതിയുടെ ശുദ്ധീകരണശാല മുതൽ കൊല്ലമുള വില്ലേജിലെ വെൺകുറിഞ്ഞി വരെയുള്ള പൈപ്പ് ലൈനിന് കരാർ നൽകുകയും വെൺകുറിഞ്ഞി ജലസംഭരണി, പമ്പ്ഹൗസ് എന്നിവയുടെയും പാമ്പിരിക്കുംപാറ വരെയുള്ള പമ്പിംഗ് മെയിനിന്റെയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഓലിക്കൽ ജലസംഭരണിയുടെയും തലമുട്ടിയാനി വരെയുള്ള പമ്പിംഗ് ലൈനിന്റെയും തലമുട്ടിയാനി ജലസംഭരണിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. നിലയ്ക്കൽ ശുദ്ധജല പദ്ധതിയുടെ കിണർ, ജല ശുദ്ധീകരണശാല എന്നിവയ്ക്കായി 9 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ചെറുകോൽ-നാരങ്ങാനം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പദ്ധതികളുടെ സർവ്വേ അഞ്ച് മാസത്തിനകം പൂർത്തിയാക്കി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നതാണ്.

## (12) ട്രീറ്റ്മെന്റ് പ്ലാന്റും പമ്പിംഗ് ഹൗസും

ശ്രീ. പി. റ്റി. എ. റഹീം: ജപ്പാൻ കുടിവെള്ള പദ്ധതിയിൽപ്പെടുത്തി ചാത്തമംഗലം, മാവൂർ പഞ്ചായത്തുകളിൽ ട്രീറ്റ്മെന്റ് പ്ലാന്റും പമ്പിംഗ് ഹൗസും

ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കോഴിക്കോട് നഗരത്തിലെയും പരിസര പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 246 എം.എൽ.ഡി. വെള്ളം ആവശ്യമുണ്ട്. പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പെരുവണ്ണാമുഴിയിലെ ശുദ്ധീകരണശാലയിൽനിന്നും ലഭിക്കുന്ന 174 എം.എൽ.ഡി ജലവും മാവൂരിലെ കൂളിമാട് നിന്നും ലഭിക്കുന്ന 72 എം.ൽഡി. ജലവും ഉൾപ്പെടുത്തിക്കൊണ്ടാണ് ജൈക്ക (JICA) പദ്ധതിയിലെ പ്രദേശങ്ങൾക്ക് ശുദ്ധജലവിതരണം നടത്തേണ്ടി വരുന്നത്. ഇതിന്റെ ഭാഗമായി മാവൂർ -കൂളിമാട് ശുദ്ധീകരണശാലയുടെയും പൈപ്പ് ലൈനുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ ജൈക്ക പദ്ധതിയുടെ ഭാഗമായി നടന്നുവരുന്നു. ചാത്തമംഗലം-മാവൂർ പഞ്ചായത്തുകളിൽ ജൈക്ക പദ്ധതിയുടെ ഭാഗമായ കൂളിമാട് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും ശുദ്ധജലവിതരണം നടത്തിയാൽ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടില്ലെന്നതിനാൽ ചാത്തമംഗലം പഞ്ചായത്തിലെ കൂളിമാടിൽ നിലവിലുള്ള പ്ലാന്റും പമ്പിംഗ് സ്റ്റേഷനും തുടർന്നും കാലിക്കട്ട് വാട്ടർ സപ്ലൈ

സ്കീമിലേയ്ക്കുള്ള ജലവിതരണത്തിന് ഉപയോഗിക്കുന്നതാണ്. വിതരണത്തിന് തികയാതെ വരുന്ന ജലം മാത്രം ജൈക്ക പദ്ധതിയിൽനിന്നും ലഭ്യമാക്കിക്കൊണ്ട് കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതി ഫലപ്രദമായി നടത്താൻ സാധിക്കുന്നതാണ്. കുളിമാട് നിർമ്മിച്ച കിണറും പമ്പുഹൗസും നിർമ്മാണവേളയിൽത്തന്നെ എം.പി.ഫണ്ട് ഉപയോഗിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പഞ്ചായത്ത് ഏറ്റെടുക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1 ) സബ്ജക്ട് കമ്മിറ്റി II -ന്റെ 2014-മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം

ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

( 3) സബ്ജക്ട് കമ്മിറ്റി VIII -ന്റെ 2014-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(4) സബ്ജക്ട് കമ്മിറ്റി IX -ന്റെ 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(5) സബ്ജക്ട് കമ്മിറ്റി XI -ന്റെ 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റുകൾ മേശപ്പുറത്തുവച്ചു.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### <u>റിപ്പോർട്ട് പരിഗണന</u>

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ

ഇരുപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ക്രമപ്രശ്നം**

**<u>നിയമസഭാ സമിതി ചട്ടം ഭേദഗതി ചെയ്യൽ</u>**

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: പത്തൊമ്പതാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ച സന്ദർഭത്തിൽ ഒരു അംഗത്തിന് ഒരു ദിവസം ഒരു ബിൽ അവതരിപ്പിക്കാൻ അനുമതി കൊടുക്കുകയുണ്ടായി. 2010 മാർച്ച് മാസത്തിൽ പുറത്തിറങ്ങിയ ബുള്ളറ്റിൻപ്രകാരം ഒരു മെമ്പർക്ക് രണ്ടിൽ കൂടുതലല്ലാത്ത പ്രമേയങ്ങൾ അവതരിപ്പിക്കാമെന്നത് ചട്ടത്തിന്റെ ഭാഗമായി മാറിയ സാഹചര്യത്തിൽ ഈ ചട്ടത്തിൽ ഭേദഗതി വരുത്താൻ സമിതിക്ക് അധികാരമില്ല. ചട്ടം ഭേദഗതിചെയ്യാൻ ചെയറിന് മാത്രമേ അവകാശമുള്ളൂ. ആയതിനാൽ ചട്ടവിരുദ്ധമായി ഒരു പ്രൊപ്പോസൽ സമർപ്പിക്കാൻ സമിതിക്ക് അവകാശമുണ്ടോയെന്ന് വ്യക്തമാക്കണം.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ചെയറിന്റെ അനുമതിയോടുകൂടിമാത്രമേ ചട്ടത്തിൽ ഭേദഗതി വരുത്താൻ സാധിക്കുകയുള്ളൂ. പതിമൂന്നാം കേരള നിയമസഭയുടെ കാലയളവിൽ

ഇതുവരെ അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കായി നോട്ടീസ് ലഭിച്ചത് 80 ബില്ലുകൾക്കാണ്. ഇനി സഭ മുമ്പാകെ അവതരണാനുമതി പ്രമേയം അവതരിപ്പിക്കാനുള്ളത് 21 ബില്ലുകൾക്കാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പത്ത് ബില്ലുകൾ മാത്രമാണ് പിൻവലിക്കുകയോ തള്ളുകയോ ചെയ്തിട്ടുള്ളത്. ഇനി തുടർ ചർച്ചയ്ക്കായി 49 ബില്ലുകളുണ്ട്. അവതരണാനുമതി തേടുന്ന അവസരത്തിൽ ഒരംഗത്തിന് അഞ്ച് മിനിട്ട് സമയമാണ് അനുവദിച്ചിരുന്നത്. പിന്നീട് തുടർ ചർച്ചയ്ക്ക് ആ അംഗത്തിന് അവസരം ലഭിക്കുന്നത് വർഷങ്ങൾ കഴിഞ്ഞിട്ടാണ്. ഇക്കാര്യത്തിൽ മാറ്റം വരുത്തണമെന്ന് സഭയിൽത്തന്നെ പല അംഗങ്ങളും ആവശ്യപ്പെടുകയും വെള്ളിയാഴ്ച ദിവസങ്ങളിൽ ബിൽ പരിഗണിക്കുന്നത് സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി ചെയറിന് സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. അതിന്റെ അ ടിസ്ഥാനത്തിലാണ് അവതരണാനുമതി പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ള എല്ലാ അംഗങ്ങളെയും അവതരണാനുമതി പ്രമേയങ്ങളുടെ മുൻഗണന നിശ്ചയിക്കുന്ന നറുക്കെടുപ്പിൽ ഉൾപ്പെടുത്തുന്നതിനും മുൻഗണന ലഭിക്കുന്ന ആദ്യത്തെ അഞ്ച് അംഗങ്ങൾക്ക് നോട്ടീസ് നൽകുന്ന ഓരോ ബില്ലിന് മാത്രം

അവതരണാനുമതി പ്രമേയം അവതരിപ്പിക്കുന്നതിന് അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തു. നിയമസഭാ ചട്ടം 70 (4) പ്രകാരം ബിൽ അവതരണത്തിനായി നീക്കിവച്ചിട്ടുള്ള ദിവസത്തിൽ ഒരംഗത്തിന് രണ്ടിലധികം പ്രമേയങ്ങൾ അവതരിപ്പിക്കുവാൻ കഴിയില്ല. രണ്ടോ അതിൽ താഴെയോ പ്രമേയങ്ങൾക്ക് അവതരണാനുമതി തേടാം. രണ്ട് എണ്ണത്തിന് തന്നെ അനുമതി നൽകണമെന്ന് നിഷ്കർഷിക്കുവാൻ കഴിയുകയില്ല. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ശുപാർശകൾ ചെയറിന്റെ അംഗീകാരത്തോടെയാണ് നടപ്പിലാക്കിയിട്ടുള്ളത്. ബില്ലുകൾക്ക് അവതരണാനുമതി തേടുന്ന അംഗങ്ങൾക്ക് കൂടുതൽ സമയം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ നടപടിക്രമം സ്വീകരിച്ചിട്ടുള്ളത്. പുതിയ നടപടിക്രമത്തിൽ ചട്ടവിരുദ്ധമായി യാതൊന്നും ഇല്ലാത്ത സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**(2) <u>അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ</u>**

**(1) <u>2014-ലെ കേരള പാസഞ്ചർ സർവ്വീസ് അതോറിറ്റി രൂപീകരണ ബിൽ</u>**

(ശ്രീ. ഹൈബി ഈഡൻ നോട്ടീസ് നൽകിയത്)

ശ്രീ. ഹൈബി ഈഡൻ: 2014-ലെ കേരള പാസഞ്ചർ സർവ്വീസ് അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: പ്രമേയത്തെ പിൻതാങ്ങുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ഡ്രൈവർമാരുടെ ജോലി സമയം, മത്സര ഓട്ടം, അമിത വേഗത എന്നിവ കുറയ്ക്കുക, യാത്രക്കാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് ഈ ബില്ലിൽ പരാമർശിച്ചിരിക്കുന്നത്. ഈ ആവശ്യങ്ങളെല്ലാം സംസ്ഥാനത്ത് നിലവിലുള്ള റോഡ് സേഫ്റ്റി അതോറിറ്റിയുടെയും ട്രാൻസ്പോർട്ട് അതോറിറ്റികളുടെയും അധികാരപരിധിയിൽ ഉൾപ്പെടുന്നതായതിനാൽ പുതുതായി അതോറിറ്റി രൂപീകരിക്കുന്നതിനോട് സർക്കാരിന് വിയോജിപ്പാണുള്ളത്. ചർച്ച ചെയ്യുന്നതിൽ വിരോധമില്ല.

ശ്രീ. ഹൈബി ഈഡൻ: സുരക്ഷിതമായ യാത്ര ഏതൊരു യാത്രക്കാരന്റെയും അവകാശമാണ്. യാത്രക്കാരുടെ അവകാശങ്ങളെ അടിസ്ഥാനമാക്കി പാസഞ്ചർ

സർവ്വീസസ് സ്റ്റാൻഡേർഡ്സ് നിശ്ചയിക്കപ്പെടുകയും അത് പിന്തുടരാത്ത പാസഞ്ചർ സർവ്വീസസ് പ്രൊവൈഡർമാരെ അയോഗ്യരാക്കാനുള്ള നിയമനിർമ്മാണം നടത്തുകയും ചെയ്യണം. പാസഞ്ചർ ഫ്രണ്ട്‌ലി സർട്ടിഫിക്കേഷൻ നിർബന്ധമാക്കണം. സുരക്ഷിതത്വത്തിനുള്ള അവകാശം, സുരക്ഷിതവും സൗകര്യപ്രദവുമായ വാഹനങ്ങൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവയ്ക്കുപുറമേ ടോയ്‌ലറ്റുകൾ, ഹോട്ടലുകൾ, മറ്റ് ഷോപ്പുകൾ എന്നിവയുടെ ശുചിത്വവും നിലവാരവും ന്യായവിലയും ഉറപ്പാക്കുക, അശ്രദ്ധമായ ഡ്രൈവിംഗ് നിമിത്തമുള്ള അപകടങ്ങൾക്ക് കർശന ശിക്ഷ നടപ്പാക്കുക, ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നിവ യാത്രക്കാരന്റെ അവകാശങ്ങളാണ്. നിലവിലുള്ള നിയമങ്ങളുടെ പോരായ്മകൾ കാരണം നിയമ ലംഘനം നടത്തുന്നവർ രക്ഷപ്പെടുന്ന അവസ്ഥ ഇല്ലാതാക്കണം.  സ്ത്രീകൾക്ക് സുരക്ഷിത യാത്ര ഉറപ്പാക്കാൻ കഴിയണം. ഈ ബിൽ അംഗീകരിക്കാൻ സർക്കാർ തയ്യാറാകണം.

(ചർച്ച തുടരും)

## (ii) 2013-ലെ കേരള അടിസ്ഥാന സൗകര്യ വികസന അതോറിറ്റി ബിൽ

(ശ്രീ. ബെന്നി ബെഹനാൻ നോട്ടീസ് നൽകിയത്)

ശ്രീ. ബെന്നി ബെഹനാൻ: 2013-ലെ കേരള അടിസ്ഥാന സൗകര്യ വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പാലോട് രവി: പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): അടിസ്ഥാന സൗകര്യ വികസനം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയമായതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പിന് ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ സാധ്യമല്ല. ഇക്കാര്യത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. മുനിസിപ്പാലിറ്റി/പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും വൻകിട വികസന പദ്ധതികൾ പ്രോത്സാഹിപ്പിക്കാനുള്ള വ്യവസ്ഥകൾ ചേർക്കുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി "പാർട്ട്ണർ കേരള മിഷൻ" ആരംഭിക്കുന്നതിനാൽ ഇത്തരം ഒരു നിയമനിർമ്മാണം നടത്തുന്നത് പ്രായോഗികമല്ല. ഈ സാഹചര്യത്തിൽ ബിൽ പരിഗണിക്കേണ്ടതില്ല.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി

(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): അടിസ്ഥാന സൗകര്യ വികസന കാര്യങ്ങളിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാൻ അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ട്. ബില്ലിൽ പറയുന്ന വിഷയം പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലുണ്ട്. അതിനാൽ ഈ അനൗദ്യോഗിക ബില്ലിന്റെ ആവശ്യമില്ല.

ശ്രീ. ബെന്നി ബെഹനാൻ: വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് അടിസ്ഥാന സൗകര്യ വികസനം കൂടുതൽ കാര്യക്ഷമവും വേഗത്തിലുമാക്കാനാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. ആസൂത്രണം ചെയ്യുന്ന പദ്ധതികൾ സമയബന്ധിതമായി തീർക്കാനുള്ള ആർജ്ജവമുണ്ടാകണം. പദ്ധതികൾ ആസൂത്രണം ചെയ്തുകഴിഞ്ഞാൽ വേഗത്തിൽ അനുമതി ലഭിക്കുന്നതിന് നിയമപരമായ സംവിധാനമേർപ്പെടുത്തണം. നിക്ഷേപ സംഗമങ്ങളിലൂടെ വരുന്ന പദ്ധതികൾക്ക് മുൻഗണനാ പട്ടിക തയ്യാറാക്കി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കണം. പൊതുജനങ്ങൾക്കിടയിൽ ശക്തമായ ബോധവൽക്കരണമുണ്ടാക്കി വികസന പദ്ധതികൾക്ക് പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തണം. വികസന പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കുന്ന ഭൂമിക്ക് ന്യായവില നൽകുകയും ഭൂമി നഷ്ടപ്പെടുന്നവരുടെ പുനരധിവാസം ഉറപ്പുവരുത്തുകയും ചെയ്യണം. അടിസ്ഥാന

സൗകര്യവികസന കാര്യത്തിൽ ജനങ്ങളുടെ ചിന്താഗതിയിൽ മാറ്റം വരണം. വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഏറ്റെടുത്ത കൃഷിഭൂമിക്ക് ന്യായമായ വില നൽകാനും പുനരധിവാസം നടപ്പിലാക്കാനും മെഗാ പ്രോജക്ടുകൾ ദീർഘവീക്ഷണത്തോടുകൂടി ആവിഷ്കരിച്ച് നടപ്പിലാക്കാനും കഴിയണം. അടിസ്ഥാന സൗകര്യ വികസന അതോറിറ്റി രൂപീകരിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തി കേരളത്തിന്റെ സമഗ്രമായ വികസനം പ്രാപ്തമാക്കണം. സർക്കാർ മുൻകയ്യെടുത്ത് വികസനാവശ്യങ്ങൾ പൊതുജനങ്ങളെ ബോധ്യപ്പെടുത്തി, സ്ഥലം ഏറ്റെടുക്കുന്ന വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കി, വലുതും ചെറുതുമായ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ ബിൽ അംഗീകരിക്കണം. (ചർച്ച തുടരും)

## (iii) <u>2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ</u>

(ശ്രീ. എസ്. ശർമ്മ നോട്ടീസ് നൽകിയത്)

<u>ശ്രീ. എസ്. ശർമ്മ</u>: 2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ഗ്രാമപഞ്ചായത്തുകളിലെ താഴെത്തട്ടിലുള്ള ജനാധിപത്യ സംവിധാനമായ ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ കൂടിയിരിക്കണമെന്നും നിശ്ചിത സമയത്ത് കൂടിയില്ലെങ്കിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്ക് അയോഗ്യത സംഭവിക്കുമെന്നും ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങളിലും പ്രാദേശിക പ്രശ്നങ്ങളിലും ഫലപ്രദമായി ഇടപെടാൻ ഗ്രാമസഭകൾക്ക് കഴിയും. വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും നിലവിലെ വ്യവസ്ഥ പ്രകാരം ജനങ്ങൾക്ക് സാധ്യമാകുന്നതിനാൽ റസിഡന്റ്സ് അസോസിയേഷനുകളുടെ പ്രവർത്തനം നിയമപരമായി ഗ്രാമസഭകളുമായി ബന്ധപ്പെടുത്തുന്നതിനുള്ള നിയമ ഭേദഗതിയുടെ ആവശ്യമില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. എസ്. ശർമ്മ: ഗ്രാമസഭകളുടെ പ്രവർത്തനം മൂന്ന് മാസത്തിലൊരിക്കലോ ആറ് മാസത്തിലൊരിക്കലോ ഭരണഘടനാ ചുമതല നിർവ്വഹിക്കാൻ വർഷത്തിലൊരിക്കലോ ചേർന്നുകൊണ്ടുള്ള നിലവിലുള്ള സംവിധാനത്തിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ സഹായകരമായ വിധത്തിൽ റസിഡന്റ്സ്

അസോസിയേഷനുകളുടെ പ്രവർത്തനത്തെ പ്രയോജനപ്പെടുത്തുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമുള്ള കാഴ്ചപ്പാടോടുകൂടിയാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിലെ വിവിധ പഞ്ചായത്ത്-മുനിസിപ്പാലിറ്റി-കോർപ്പേറഷൻ തലങ്ങളിൽ വാർഡുകൾ കേന്ദ്രീകരിച്ച് റസിഡന്റ്സ് അസോസിയേഷനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രവർത്തന മേഖലയുടെ സമഗ്ര വികസനത്തിനും അസോസിയേഷനിൽ അംഗങ്ങളായിട്ടുള്ളവരുടെ പൊതുതാല്പര്യ സംരക്ഷണത്തിനും പൊതുക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നേതൃത്വപരമായ പങ്കുവഹിക്കുന്നുണ്ട്. പദ്ധതി നടത്തിപ്പിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിൽ റസിഡന്റ്സ് അസോസിയേഷനുകൾക്ക് മുഖ്യ പങ്കുവഹിക്കാൻ കഴിയും. മാലിന്യ നിർമ്മാർജ്ജനം, പരിസ്ഥിതി സംരക്ഷണം, സ്വയം പര്യാപ്തമായ ഗ്രാമങ്ങൾ സൃഷ്ടിക്കൽ എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിനും വാർഡ് തലത്തിൽ അനുയോജ്യമായ പദ്ധതികൾ ക്രമീകരിക്കുന്നതിനും റസിഡന്റ്സ് അസോസിയേഷനുകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. നിയമപരമായ ആനുകൂല്യം നൽകി ഗ്രാമസഭകളുടെ വികസന പ്രക്രിയയിൽ റസിഡന്റ്സ് അസോസിയേഷനുകളെ ഭാഗമാക്കിയാൽ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ നിർണ്ണായകമായ പുരോഗതി കൈവരിക്കാൻ

കഴിയും. ഗ്രാമസഭകളെ കൂടുതൽ പ്രാപ്തമാക്കുന്നതിന് സഹായിക്കത്തക്ക നിലയിലുള്ള നിയമഭേദഗതി വരുത്തി റസിഡന്റ്സ് അസോസിയേഷനുകളുടെ സേവനം പ്രയോജനപ്പെടുത്താൻ കഴിയണം. നിലവിലുള്ള ഗ്രാമസഭകൾക്കോ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരത്തിനോ കീഴ്പ്പെട്ടുകൊണ്ട് നിയമസംവിധാന പ്രക്രിയയുടെ അവിഭാജ്യ ഘടകമാക്കി നിലവിലുള്ള സംവിധാനത്തെ പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള ചിന്തയാണ് ഗവൺമെന്റിനുണ്ടാകേണ്ടത്. ഈ ബിൽ നിയമമായാൽ സഞ്ചിതനിധിയിൽനിന്നും സർക്കാരിന് തുകയൊന്നും ചെലവാകാത്ത സാഹചര്യത്തിൽ ഇത് അംഗീകരിക്കണം. (ചർച്ച തുടരും)

## (IV) 2014-ലെ കേരള സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി- പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സംവരണം ഏർപ്പെടുത്തൽ ബിൽ

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയത്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 2014-ലെ കേരള സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സംവരണം ഏർപ്പെടുത്തൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): തൊഴിൽ ദാതാവ് എന്ന നിലയിൽ സർക്കാരിന്റെ സാധ്യതകൾ പരിമിതപ്പെട്ടുവരികയും സ്വകാര്യ മേഖല വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്താത്തതുകാരണം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. സർക്കാരിന്റെ സഹായത്താൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂൾ/കോളേജുകളിൽ സംവരണം ഏർപ്പെടുത്തിയാൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ നിരവധിയാളുകൾക്ക് ജോലി ലഭിക്കാനുള്ള സാധ്യതയുണ്ടാകും. മാനേജ്മെന്റ് നിയമനങ്ങളിൽ പത്ത് ശതമാനം സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഗവൺമെന്റ് നിർദ്ദേശം നൽകണം. പ്രമേയത്തിനെ സ്വാഗതം ചെയ്യുന്നുവെങ്കിലും വിപുലമായ ചർച്ചകൾ ഇക്കാര്യത്തിൽ ആവശ്യമായതിനാൽ പ്രായോഗികമായ ബുദ്ധിമുട്ടുകൾ കാരണം ബില്ലിനെ അനുകൂലിക്കാൻ സാധിക്കില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കേരളത്തിലെ സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം

ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ നിയമം കൊണ്ടുവരികയാണെങ്കിൽ ഈ ബിൽ പിൻവലിക്കാൻ തയ്യാറാണ്. സർക്കാരിന്റെ സഹായത്താൽ പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സംവരണം ഏർപ്പെടുത്തണം. കേരളത്തിൽ സ്വകാര്യ മേഖലയിൽ പണിയെടുക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ വളരെ കുറവാണ്. ഗവൺമെന്റ് സർവ്വീസിലും കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലും താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തുന്നതുമൂലം ഭരണഘടനാനുസൃതമായ തൊഴിൽ സംവരണം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്നില്ല. സ്വകാര്യ മേഖലയിൽ സംവരണം ഏർപ്പെടുത്തിയില്ലെങ്കിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായവരുടെ തൊഴിലില്ലായ്മ കേരളം നേരിടാൻ പോകുന്ന പ്രധാനപ്പെട്ട പ്രശ്നമായി മാറുകയും അസംതൃപ്തരായ ജനവിഭാഗം വളർന്നു വരുന്നതിനിടയാക്കുകയും ചെയ്യും. പ്രശ്നങ്ങൾ പരിഹരിക്കുവാനാവശ്യമായ നിയമം കൊണ്ടുവരണം.

(ചർച്ച തുടരും)

## (V) 2014-ലെ കേരള ധനകാര്യ സ്ഥാപന നിയന്ത്രണ അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. എം. പി. വിൻസെന്റ് നോട്ടീസ് നൽകിയത്)

ശ്രീ. എം. പി. വിൻസെന്റ് : 2014-ലെ കേരള ധനകാര്യ സ്ഥാപന നിയന്ത്രണ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): അമിത പലിശ വാങ്ങുന്ന അനധികൃത ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമം പാസ്സാക്കിയിട്ടുള്ളതിനാലും ഐ.പി.സി. പ്രകാരം നടപടിയെടുക്കാൻ വകുപ്പുള്ളതിനാലും പുതിയ നിയമ നിർമ്മാണത്തിന്റെ ആവശ്യമില്ല.

ശ്രീ. എം. പി. വിൻസെന്റ്: നിലവിലുള്ള നിയമങ്ങൾകൊണ്ട് അനധികൃത ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ സാധിക്കാത്തതുമൂലം ജനങ്ങൾ നേരിടുന്ന ദുരിതത്തിന് പരിഹാരം കാണാനാണ് കേരള ധനകാര്യ സ്ഥാപന നിയന്ത്രണ

അതോറിറ്റി രൂപീകരിക്കണമെന്ന് ആവശ്യപ്പെടുന്നത്. നിരാലംബരായ ജനങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ചൂഷണം ചെയ്ത് പലിശ മാഫിയകൾ വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ആവശ്യമായ സമയത്ത് വായ്പ വാങ്ങാനും നിക്ഷേപം നടത്താനുമുള്ള സംവിധാനമുണ്ടാക്കുകയും അമിത പലിശ ഈടാക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുന്നതിന് ഒരു അതോറിറ്റി രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

**************